LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരളത്തിൽ 428 പോലീസ് സ്റ്റേഷനുകളാണ് നിലവിലുള്ളത്.

(ബി) പോലീസ് സ്റ്റേഷനുകളിൽ കോൺസ്റ്റബിൾ, ഹെഡ്കോൺസ്റ്റബിൾ, വനിതാ കോൺസ്റ്റബിൾ, വനിതാ ഹെഡ് കോൺസ്റ്റബിൾ ഉൾപ്പെടെ 18362 തസ്തിക കളാണ് നിലവിലുള്ളത്.

(സി, ഡി) വനിതാ പോലീസുകാർക്ക് വേണ്ടി മൊത്തം സൃഷ്ടിച്ച തസ്തിക യിൽനിന്നും ഓരോ പോലീസ് സ്റ്റേഷനിലേക്കും അതാത് വനിതാ കോൺസ്റ്റബിൾ മാരുടെ ആവശ്യവും വനിതാ പോലീസുകാർക്കുള്ള സൗകര്യവും പരിഗണിച്ചാണ് നിയമനം നൽകിയിട്ടുള്ളത്.

പിടികിട്ടാപ്പുള്ളികളുടെ കണക്ക്

150 [747] ശ്രീ. കോവൂർ കുഞ്ഞുമോൻ:

" എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ഒട്ടാകെ എത്ര ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത കേസുകളിൽ എത്ര കൊലപാതകം, ആത്മഹത്യ, മോഷണം എന്നീ കേസുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) രജിസ്റ്റർ ചെയ്ത കേസുകളിൽ എത്ര എണ്ണത്തിന് ഫൈനൽ റിപ്പോർട്ട് നൽകി എന്നും, എത്ര എണ്ണം തെളിയിക്കപ്പെടാതെ ഉണ്ടെന്നും ജില്ല തിരിച്ച് വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് എത്ര പിടികിട്ടാപ്പുള്ളികൾ ഉണ്ടെന്നും അതിൽ വാഹന മോഷണവുമായും മയക്കുമരുന്നുമായും വ്യാജമദ്യവുമായും ബന്ധപ്പെട്ട എത്ര പേരുണ്ടെന്നും ജില്ല തിരിച്ച് വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) 3,92,180 ക്രൈം കേസുകൾ.

(ബി)

കൊലപാതകം	-	1121 കേസുകൾ
ആത്മഹത്യ	-	24,303 കേസുകൾ
മോഷണം	-	24,397 കേസുകൾ

(സി) 3,51,249 കേസുകളിൽ ഫൈനൽ റിപ്പോർട്ട് നൽകി. 23,422 കേസുകൾ തെളിയിക്കപ്പെടാതെയുണ്ട്. ജില്ലതിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) വിവരം ശേഖരിച്ചുവരുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.